# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4057 | 03.02.2014-ൽ മറുപടിക്ക്

## 'ആരോഗ്യകിരണം പദ്ധതി'

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കെ. ജയചന്ദ്രൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പതിനെട്ട് വയസ്സിനുമുകളിൽ പ്രായമുള്ള വരുടെ ചികിത്സയ്ക്ക് നിലവിൽ സർക്കാർ ആശുപത്രികളിൽ ഫീസ് ഈടാക്കു ന്നുണ്ടോ ; വ്യക്തമാക്കാമോ ; | (എ) ഉണ്ട്. സ.ഉ.(പി) നം. 27/94/ആ.കു.വ., തീയതി 08.02.1994 എന്ന സർക്കാർ ഉത്തരവു പ്രകാരം സർക്കാർ ആശുപത്രികളിൽ ചികിത്സക്കായി നാമമാത്രമായ തുക ഈടാക്കുന്നുണ്ട്. |
| (ബി) സർക്കാർ ആശുപത്രികളിലെ ചികിത്സ സൗജന്യമായിരിക്കെ ആരോഗ്യകിരണം പദ്ധതി കൊണ്ടുവരാനിടയായ സാഹ ചര്യം വിശദീകരിക്കാമോ ; | (ബി) സർക്കാർ ആശുപത്രികളിൽ രോഗചികിത്സ സൗജന്യമാണെങ്കിലും ഒ.പി. ടിക്കറ്റ് പരിശോ ധനാ സംവിധാനങ്ങൾ, ആംബുലൻസ് സേവന ങ്ങൾ തുടങ്ങിയവയ്ക്കും ആശുപത്രിയിൽ ഇല്ലാതെ വരുന്ന അത്യാവശ്യം മരുന്നുകൾക്കും പരിശോ ധനകൾക്കും രോഗികൾക്ക് ചിലവ് വരുന്നു. ഈ ചിലവ് രോഗത്തിന്റെ ഗൗരവം അനുസരിച്ച് ചെറിയ തുക മുതൽ വൻ തുക വരെ ആകാം. ഈ കഷ്ടപ്പാട് നേരിടേണ്ടി വരുന്ന രോഗികൾക്ക് സമ്പൂർണ്ണമായ ചികിത്സാ ധനസഹായം എൻറൈറ്റിൽമെന്റ് മാതൃകയിൽ നൽകുന്നതിന് വേണ്ടിയാണ് ആരോഗ്യ കിരണം പദ്ധതിക്ക് രൂപം നൽകിയത്. ഇത് പോലെ തന്നെ ഇന്ന് നിലവിലുള്ള ധനസഹായ പദ്ധതികളായ ആർ.എസ്.ബി.വൈ, ചിസ്സ്, ചിസ്സ് പ്ലസ്, കാരുണ്യ, താലോലം, ക്യാൻസർ സുരക്ഷ, ആർ.ബി.എസ്.കെ മുതലായ പദ്ധതികളുടെ പരിധിക്ക് പുറത്തു വരുന്ന രോഗങ്ങളുടെ ചികിത്സാ ചിലവുകൾക്കും ആരോഗ്യ കിരണം പദ്ധതിയാണ് തുക നൽകുന്നത്. |

സെക്ഷൻ ഓഫീസർ